**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 932** **18-09-2025 - ൽ മറുപടിയ്ക്ക്**

**പാട്യം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പാട്യം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതിയിൽ കാട്ടാനകൾ കാർഷിക വിളകൾ നശിപ്പിക്കുന്നതിന് പുറമെ ജീവനും ഭീഷണിയാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉന്നതിയിൽ കുടുംബങ്ങൾ നടത്തിവരുന്ന കൃഷികൾ കാട്ടാനകൾ നശിപ്പിക്കുകയും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാവുകയും അതുവഴി അവരുടെ വരുമാനം നഷ്ടപെടുകയും കൂടാതെ ഉന്നതി നിവാസികളെ ആക്രമിക്കാൻ വരുന്നത് സംബന്ധിച്ചും ഉന്നതി നിവാസികൾ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട് |
| (ബി) | അടിയന്തര ഘട്ടങ്ങളിൽ ഉന്നതിയിൽ നിന്നും പുറത്തേക്ക് പോകുന്നതിന് മുണ്ടയോട് കടവ് ഉന്നതി മുതൽ ഇളമാങ്കൽ ഉന്നതി വരെ രണ്ട് കിലോമീറ്റർ ദൂരമുള്ള ദുർഘടമായ പാത കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ഇളമാങ്കൽ ഉന്നതിയിൽ ആകെ 5 വീടുകളിലായി 5 കുടുംബങ്ങൾ മാത്രമാണ് താമസിച്ചു വരുന്നത്. വനാവകാശ പ്രകാരം കൈവശ രേഖ ലഭിച്ചതും തികച്ചും ഒറ്റപ്പെട്ടതുമായ ഒരു പ്രദേശമാണിത്. ഉന്നതിയിലേക്ക് മുണ്ടയോട് കടവ് മുതൽ ഏകദേശം 5 കി.മീ. ദൂരത്തോളം മൺ റോഡാണുള്ളത്. ഈ റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കണമെങ്കിൽ ഭീമമായ തുക വേണ്ടിവരും എന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ